LIBRARY ARCHIVES Kerala Legislative Assembly

വ്യാജ മുദ്രപത്ര വിതരണം

*8 [7] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ മുദ്രപത്ര വിതരണം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനകം സംസ്ഥാനത്ത് വ്യാജ മുദ്രപത്ര വിതരണം എത്ര മാത്രം നടന്നിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വെണ്ടർമാർ വാങ്ങിയ മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ കഴിയാതിരുന്നതിനെ തുടർന്ന് തുക റീഫണ്ട് ചെയ്തു ലഭിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും റീഫണ്ട് ചെയ്യുന്നതിനായി എന്തു തുക വേണ്ടി വരുമെന്നും അറിയിക്കാമോ;

(ഡി) വെണ്ടർമാർ വാങ്ങിയ മുദ്രപത്രങ്ങളുടെ മറവിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) വ്യാജ മുദ്രപത്ര വിതരണം സംബന്ധിച്ച് അന്വേഷണം നടത്തുന്ന സി. ബി. ഐ. ക്ക് സംസ്ഥാന സർക്കാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വ്യാജ മുദ്രപത്രങ്ങളുടെ വ്യാപനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 9-12-2003-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും പ്രശ്നപരിഹാരത്തിനായി ഏഴ് ഇന നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 5-1-2004-ൽ ജി. ഒ. (ആർ.റ്റി.) 11/2004/നി.വ. എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിൻ പ്രകാരം 1-4-1998 മുതൽ 31-3-2003 തീയതി വരെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ സമാഹരണവും, കേരള മുദ്രപത്ര നിയമത്തിലും, മുദ്ര ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതി സംബന്ധിച്ച കരട് പ്രൊപ്പോസലും സർക്കാരിനു സമർപ്പിക്കുന്നതിനു രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

നാസിക്കിലുള്ള സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിൽനിന്നു കൊണ്ടുവരുന്ന മുദ്രപത്രങ്ങൾ, തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും ആവശ്യാനുസരണം സംസ്ഥാനത്തെ ട്രഷറി സ്റ്റാമ്പ് ഡിപ്പോകൾക്കു നൽകുകയും ആയതു

വെണ്ടർമാരുടെ അപേക്ഷ പ്രകാരം ബന്ധപ്പെട്ട ഓഫീസ് മുദ്രപതിച്ചു വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഇതിന്റെ വ്യക്തമായ കണക്ക് ബന്ധപ്പെട്ട ട്രഷറി സ്റ്റാമ്പ് ഡിപ്പോയിൽ സൂക്ഷിച്ചുവരികയും ചെയ്യുന്നു. വെണ്ടർമാർക്ക് വിതരണം ചെയ്യുന്ന മുദ്രപത്രങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് വെണ്ടർ നാൾവഴി കർശനമായി പരിശോധിക്കുന്നുണ്ട്. പതിനായിരം (10,000) രൂപയ്ക്ക് മുകളിലുള്ള മുദ്ര പത്രങ്ങൾക്ക് അപേക്ഷ ലഭിക്കുമ്പോൾ അപേക്ഷകന്റെ കൃത്യമായ മേൽവിലാസമുണ്ടോ യെന്നും മുദ്രപത്രം മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യാൻ അപേക്ഷയിൽ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുന്നുണ്ട്. സ്റ്റാമ്പ് റൂൾ 43 പ്രകാരം വെണ്ടർമാർ വിൽക്കുന്ന എല്ലാ മുദ്രപത്രങ്ങളുടെയും കണക്കുകളും ആർക്കാണോ വിറ്റത് അവരുടെ കൃത്യമായ മേൽവിലാസവും വെണ്ടർമാരുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയി ട്ടുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വ്യാജ മുദ്രപത്രം തിരിച്ചറിയുന്നതിന് ഉള്ള സംവിധാനം നിലവിലില്ല. ആയതിനാൽ ഇതേക്കുറിച്ച് പഠനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘത്തിനെ നാസിക്കിലേയും ഹൈദരാബാദിലേയും മുദ്രപത്രം അച്ചടിക്കുന്ന സെക്യൂരിറ്റിപ്രസ്സിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠനസംഘം തിരിച്ചെത്തിയ ശേഷം മുദ്രപത്രങ്ങൾ പരിശോധി ക്കുന്നതാണ്.

(സി) വെണ്ടർമാർ വാങ്ങിയ മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ കഴിയാതിരുന്ന തിനെ തുടർന്ന് തുക റീഫണ്ട് ചെയ്തു ലഭിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തി നുള്ളിൽ 1680 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതു റീഫണ്ട് ചെയ്യുന്നതിനായി 97,16,178 രൂപ വേണ്ടി വരും.

(ഡി, ഇ) സി. ബി. ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യ പ്പെട്ടുകൊണ്ട് 68365/ഡി1/2003/ആഭ്യന്തരം എന്ന നമ്പരിൽ 5-12-2003-ൽ സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച വ്യവസ്ഥ

*9 [8] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ വിവിധ സംഘടന കളുമായി ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ ഏതെല്ലാം സംഘടനകളുമായാണ് ചർച്ച നടത്തിയതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly